കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ പൊന്മുണ്ടം ഗ്രാമ പഞ്ചായത്തിന്റെ 2009-20010, 2010-2011 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3, 3.2, 3.6 - സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (എ.ബി) വകുപ്പ്

സ.ഉ(സാ.ധാ).നം.1515/2015/ത.സ്വ.ഭ.വ തിരുവനന്തപുരം,തിയതി,22.05.2015

---

പരാമർശം : 1. പൊന്മുണ്ടം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 28.06.2013 – ലെ കത്ത്

2. പഞ്ചായത്ത് ഡയറക്ടറുടെ 27.06.2014 – തിയതിയിലെ എം3/21029/14 നമ്പർ കത്ത്

3. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 21.02.2015 – തിയതിയിലെ എൽ.എഫ്.12423/പി.റ്റി3 /14 നമ്പർ കത്ത്

## ഉത്തരവ്

മലപ്പുറം ജില്ലയിലെ പൊന്മുണ്ടം ഗ്രാമ പഞ്ചായത്തിന്റെ 2009-20010, 2010-2011 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3., 3.2, 3.6 എന്നിവ പ്രകാരം യഥാക്രമം മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ആയുർവേദ ആശുപത്രിക്ക് ഫർണീച്ചർ വാങ്ങിയ ഇനത്തിലുള്ള ചെലവായ 37,150 രൂപ, ഉൽപ്പാദന വർദ്ധന പദ്ധതിയുടെ ഭാഗമല്ലാതെ വളം സബ്സീഡി അനുവദിച്ച ഇനത്തിലുള്ള ചെലവായ 6,72,205 രൂപ, തനത് ആസ്തികളുടെ സംരക്ഷണത്തിനായി മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കരുതെന്ന സർക്കാർ ഉത്തരവ് മറികടന്ന് മാർക്കറ്റ് ഷോപ്പിംഗ് കോംപ്ളക്സിന്റെ വൈദ്യുതീകരണത്തിനായി മെയിന്റനൻസ് ഫണ്ടിൽ നിന്നും ചെലവാക്കിയ 8,74,040 രൂപ എന്നിവ തടസ്സപ്പെടുത്തിയിരുന്നു. എന്നാൽ പ്രസ്തുത ചെലവുകൾ അനിവാര്യമായിരുന്നെന്നും ആയതിനാൽ ചെലവുകൾക്ക് സർക്കാർ സാധൂകരണം തേടുന്നതിനായി പഞ്ചായത്ത് ഭരണ സമിതി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും ചെലവുകൾക്ക് സർക്കാർ സാധൂകരണം തേടുന്നതിനായുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ സർക്കാർ സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം രണ്ട് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ, പരാമർശം മൂന്ന് കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ എന്നിവർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(PTO)

ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊന്മുണ്ടം ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം, പരാമർശം രണ്ട് കത്ത് പ്രകാരമുള്ള പഞ്ചായത്ത് ഡയറക്ടറുടെ കത്ത്, പരാമർശം മൂന്ന് പ്രകാരമുള്ള കത്ത് എന്നിവയുടെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ പൊന്മുണ്ടം ഗ്രാമ പഞ്ചായത്തിന്റെ 2009-20010, 2010-2011 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3, 3.2, 3.6 എന്നീ ഖണ്ഡികകൾ പ്രകാരം തടസ്സപ്പെടുത്തിയ ചെലവുകൾക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സാലമ്മ എബ്രഹാം
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, പൊന്മുണ്ടം ഗ്രാമ പഞ്ചായത്ത്, മലപ്പുറം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ